


# ദൈവത്തിന്റെ നീതി, കാരുണ്യത്തിലൂന്നിയ സ്നേഹം

മത്തായി 20:1 – 16 Vol. 12, Issue: 19

ബ്ര. ജെയിൻ ജോയി

**ഏ**റ്റവും സ്നേഹം നിറഞ്ഞ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, പ്രിയ സഹോദരങ്ങളേ,

ഏലിയാ സ്ലീവാ മൂശാക്കാലത്തിന്റെ ഏഴാം ഞായറാഴ്ചയായ ഇന്ന് തിരുസഭാ മാതാവ് നമ്മുടെ വിചിന്തനത്തിനായി നൽകിയിരിക്കുന്നത് വി. മത്തായിയുടെ സുവിശേഷം 20-ാം അദ്ധ്യായം 1 മുതൽ 16 വരെയുള്ള തിരുവചനഭാഗങ്ങളാണ്.

മുന്തിരിത്തോട്ടത്തിലേക്ക് ജോലിക്കാരെ വിളിക്കാൻ പുറപ്പെടുന്ന ഒരു വീട്ടുടമസ്ഥന്റെ ഉപമ. വി. മത്തായിയുടെ സുവിശേഷത്തിൽ മാത്രം കാണപ്പെടുന്ന ഒരു ഉപമയാണിത്. മുന്തിരിത്തോട്ടങ്ങളും തോട്ടങ്ങളിൽ ജോലി ചെയ്യുന്നവരും അവരെ വേലയ്ക്കു വിളിക്കുന്ന യജമാനന്മാരും ധാരാളമുള്ള പാലസ്തീനായുടെ പശ്ചാത്തലത്തിലാണ് ഈശോ ഈ ഉപമ പറഞ്ഞുവയ്ക്കുന്നത്. വ്യത്യസ്തങ്ങളായ വ്യാഖ്യാനങ്ങൾ ഈ ഉപമയെക്കുറിച്ച് കാണാൻ സാധിക്കും. കൂടുതൽ സമയം അദ്ധ്വാനിച്ചവർ പ്രവാചകന്മാരും പിതാക്കന്മാരും, പതിനൊന്നാം മണിക്കൂറിൽ എത്തിയവർ ക്രിസ്തുശിഷ്യരും ആണെന്നാണ് സഭാപിതാവായ ഇരണേവൂസ് അഭിപ്രായപ്പെടുന്നത്. എന്നാൽ വി. ഗ്രിഗറി പറയുന്നത്, കൂടുതൽ സമയം അദ്ധ്വാനിച്ചവർ യഹൂദരും പതിനൊന്നാം മണിക്കൂറിൽ എത്തിയവർ വിജാതീയരും ആണെന്നാണ്.

ലോജിക്കൽ ആയി ചിന്തിച്ചാൽ, ഈ ഉപമയെക്കുറിച്ച് നമുക്ക് ഒന്നും മനസിലാക്കാൻ സാധിക്കുകയില്ല. ഇതിന് ഒരു ലോജിക്കും ഇല്ല എന്നതു തന്നെയാണ് അതിനു കാരണം. ആദ്യം വന്നവരോട് കൂലി പറഞ്ഞുറപ്പിക്കുന്നു. പിന്നീട് വരുന്നവരോട് അതിനെക്കുറിച്ച് ഒന്നും പറയുന്നില്ല. അവസാനം ഒരു മണിക്കൂർ മാത്രം ജോലി ചെയ്തവർക്കും ദിവസം മുഴുവൻ ജോലി ചെയ്തവർക്കും ഒരേ വേതനം നൽകുന്ന ഒരു യജമാനൻ. ഭ്രാന്തനായ ഒരു യജമാനന്റെ ഉപമ എന്നൊക്കെ ചിലർ ഇതിനെ വിളിക്കാറുണ്ട്. ഇവിടെ നാം മനസിലാക്കേണ്ടത്, ദൈവത്തിന്റെ വഴികളും മനുഷ്യന്റെ വഴികളും തമ്മിലുള്ള വ്യത്യാസമാണ്. മനുഷ്യന്റെ നീതിയിൽ, അർഹതപ്പെട്ടവന് എല്ലാം കൊടുക്കുമ്പോൾ ദൈവത്തിന്റെ നീതിയിൽ അർഹതയില്ലാത്തവനു പോലും കൊടുക്കാൻ സന്നദ്ധത കാണിക്കുന്ന ദൈവത്തിന്റെ കാരുണ്യത്തിന്റെ മുഖം ഇവിടെ കാണാൻ സാധിക്കുന്നു. ദൈവത്തിന്റെ നീതി, അത് കാരുണ്യത്തിലൂന്നിയ സ്നേഹമാണ്.

ദൈവത്തിന്റെ കാരുണ്യമാണ് സ്വർഗരാജ്യ പ്രവേശനത്തിന്റെ അടിസ്ഥാനം. വചനത്തിൽ നാം വായിക്കുന്നതു പോലെ, നീതിമാന്മാരുടെ മേലും നീതിരഹിതരുടെ മേലും ഒരുപോലെ അനുഗ്രഹം ചൊരിയുന്നവനാണ് ദൈവം. ഇന്നത്തെ വായനകളിലും നമുക്ക് കാണാൻ സാധിക്കുന്നത് ഇത്തരത്തിലുള്ള കരുണയുടെ മുഖമുള്ള ദൈവത്തെയാണ്. ലേഖനത്തിൽ പൗലോസ്

അപ്പസ്തോലൻ പറഞ്ഞുവയ്ക്കുന്നുണ്ട്, രക്ഷിക്കപ്പെട്ടവരുടെ ഇടയിലും ശിക്ഷിക്കപ്പെട്ടവരുടെ ഇടയിലും ഞങ്ങൾ ദൈവത്തിന് ക്രിസ്തുവിന്റെ പരിമളമാണ് എന്ന്. ഇവിടെയെല്ലാം നമുക്ക് കാണാൻ സാധിക്കുന്നത്, ദൈവം എത്രമാത്രം കാരുണ്യവാനാണ് എന്ന പരമമായ സത്യമാണ്.

ദൈവത്തിന്റെ മുമ്പിൽ നമ്മുടെ അയോഗ്യതകൾക്ക് സ്ഥാനമില്ല. കാരണം നമ്മുടെ അയോഗ്യതകളെപ്പോലും യോഗ്യതകളാക്കിത്തീർക്കാൻ കഴിവുള്ളവനാണ് നമ്മുടെ ദൈവം. അവിടുത്തെ കരുണയോട്, സ്നേഹത്തോട് നാം സഹകരിക്കുക എന്നതാണ് പ്രധാനം. In Memorium എന്ന കവിതാസമാഹാരത്തിൽ ടെന്നിസൺ ഇപ്രകാരം പാടുന്നുണ്ട്, ''മനുഷ്യരുടെ മദ്ധ്യത്തിലാണ് യോഗ്യതകൾക്ക് സ്ഥാനം. ദൈവമേ, നിന്റെ മുമ്പിലല്ല'' എന്ന്. ദൈവത്തിന്റെ മുമ്പിൽ യോഗ്യതകൾക്കു മാത്രമേ സ്ഥാനമുണ്ടായിരുന്നുള്ളൂവെങ്കിൽ നല്ല കള്ളൻ ഒരിക്കലും സ്വർഗരാജ്യത്തിൽ പ്രവേശിക്കുകയില്ലായിരുന്നു. ഞാൻ വന്നിരിക്കുന്നത് നീതിമാന്മാരെ വിളിക്കാനല്ല, പാപികളെ വിളിക്കാനാണ് എന്നുപറഞ്ഞ ഈശോയുടെ വാക്കുകളും ഈ കരുണയുടെയും സ്നേഹത്തിന്റെയും അടിസ്ഥാനത്തിൽ വേണം നാം മനസിലാക്കാൻ.

തന്റെ യോഗ്യതകൾ എണ്ണിപ്പറഞ്ഞ് അപരനെ താഴ്ത്തിക്കെട്ടി ദൈവസന്നിധിയിൽ ചങ്കും വിരിച്ച് നിന്ന ഫരിസേയനെയും, ദൈവസന്നിധിയിലേക്ക് ഒന്ന് കണ്ണുകൾ ഉയർത്താൻ പോലും പറ്റാതെ തന്റെ പാപത്തെക്കുറിച്ച് വിഷമിച്ച ചുങ്കക്കാരന്റെയും ഉപമയിൽ, ആരാണ് അനുഗ്രഹം പ്രാപിച്ച് തിരിച്ചുപോയത് എന്ന് നമുക്കറിയാം. ദൈവത്തിന്റെ കാരുണ്യവും സ്നേഹവും നമ്മുടെ ചിന്താഗതിക്കും അപ്പുറമാണ്. ദൈവം മുമ്പന്മാരാക്കുന്നവരാണ് മുമ്പന്മാരാകുന്നത്. സ്വയം മുമ്പന്മാരാകാൻ പരിശ്രമിക്കുന്നവർ പിമ്പന്മാരായിത്തീരും. ഇങ്ങനെ ദൈവം കൈ പിടിച്ച് വലുതാക്കിയവരെയും വലുതാകാൻ പരിശ്രമിച്ച് ചെറുതായവരെയും ധാരാളം നമുക്ക് ബൈബിളിൽ കാണാൻ സാധിക്കും. അബ്രാഹവും മോശയും പ്രവാചകന്മാരും ഇപ്രകാരം ദൈവം വലുതാക്കിയവരാണ്. ദൈവത്തിന്റെ വിളിക്ക് അവർ പ്രത്യുത്തരം നൽകിയപ്പോൾ അവരുടെ അയോഗ്യത കളെ ദൈവം യോഗ്യതകളാക്കി മാറ്റി. എന്നാൽ സ്വയം വലിയവരാകാൻ പരിശ്രമിച്ച് ദൈവസ്നേഹത്തോടും കാരുണ്യത്തോടും മറുതലിച്ച് സ്വയം നശിച്ചുപോയവരാണ് സാവൂളും യൂദാസുമൊക്കെ.

ഉപമയിൽ നാം കാണുന്നതുപോലെ പതിനൊന്നാം മണിക്കൂറിലും തന്റെ മുന്തിരിത്തോട്ടത്തിലേക്ക് ജോലിക്കാരെ വിളിക്കാൻ പുറപ്പെടുന്ന ഒരു യജമാനൻ. ജോലിക്കുള്ള വിളി വരും എന്നു ചിന്തിച്ച് പ്രതീക്ഷ കൈവിടാതെ നിൽക്കുന്ന ജോലിക്കാർ. അവസാനം തങ്ങൾക്കുള്ള വിളി വന്നപ്പോൾ അതിനോട്, വേണ്ടവിധം സഹകരിച്ചപ്പോൾ അവർക്ക് ആ യജമാനന്റെ കരുണയും സ്നേഹവും അനുഭവിക്കാൻ അവസരം ലഭിക്കുന്നു. അതെ, സ്വർഗരാജ്യമാകുന്ന മുന്തിരിത്തോട്ടത്തിലേക്ക് നമ്മെ എല്ലാവരെയും ക്ഷണിക്കാൻ ദൈവം തയ്യാറാണ്. എന്നാൽ നമ്മുടെ അയോഗ്യതകളെ യോഗ്യതകളാക്കി മാറ്റാൻ കഴിയുന്ന നല്ല തമ്പുരാന്റെ വിളിക്കായി കാതോർത്തിരുന്ന് ആ വിളിക്ക് വേണ്ടവിധം പ്രത്യുത്തരം നൽകാൻ സാധിച്ചെങ്കിൽ മാത്രമേ ദൈവത്തിന്റെ കരുണയും സ്നേഹവും അനുഭവിച്ചറിയാനും സ്വർഗരാജ്യമാകുന്ന മുന്തിരിത്തോട്ടത്തിൽ പ്രവേശിക്കാനും സാധിക്കൂ. ഇല്ലെങ്കിൽ അവിടുത്തെ കരുണയും സ്നേഹവും നമുക്ക് അനുഭവിക്കാൻ സാധിക്കുകയില്ല എന്നു മാത്രമല്ല, സ്വർഗരാജ്യമാകുന്ന മുന്തിരിത്തോട്ടം നമ്മിൽ നിന്ന് അകന്നുപൊയ്ക്കൊണ്ടേയിരിക്കും.

ഈ ഉപമയുടെ അവസാനം ഈശോ നമ്മോട് പറഞ്ഞുതരാൻ ശ്രമിക്കുന്ന ഒരു കാര്യമുണ്ട്. അത് മറ്റൊന്നുമല്ല, അപരന്റെ വളർച്ചയിൽ അസൂയപ്പെടാതിരിക്കുക എന്ന വലിയ സത്യം. ഉപമയുടെ അവസാനത്തിൽ ജോലിക്കാർ യജമാനനെതിരെ പിറുപിറുക്കുന്നത്, തങ്ങൾക്ക് ഒരു ദനാറ നൽകിയതു കൊണ്ടല്ല മറിച്ച് അവസാനം വന്നവരെ തങ്ങൾക്ക് തുല്യരാക്കിക്കൊണ്ട് അവർക്കും ഒരു ദനാറ നൽകിയതുകൊണ്ടാണ്. മറ്റുള്ളവരുടെ വളർച്ചയിൽ അസൂയപ്പെടാതെ അവരുടെ വളർച്ചയിൽ സന്തോഷിക്കാനും അവരോട് ചേർന്നുനിൽക്കാനും അതുപോലെ അപരന്റെ തകർച്ചയിൽ കൈത്താങ്ങാകാനും എനിക്കും നിങ്ങൾക്കുമൊക്കെ കഴിയുമെങ്കിൽ നമ്മൾ സ്വർഗരാജ്യമാകുന്ന മുന്തിരിത്തോപ്പിൽ നിന്നും ഒട്ടും അകലെയല്ല എന്നും ഈശോ ഈ ഉപമയിലൂടെ നമ്മെ പഠിപ്പിക്കുന്നു.

അതുകൊണ്ട് ദൈവത്തിന്റെ വിളിക്ക് കാതോർക്കുന്ന കരുണയുടെയും സ്നേഹത്തിന്റെയും കൂദാശയായ ഈ വിശുദ്ധ ബലിയിൽ നമുക്ക് ആത്മാർത്ഥതയോടുകൂടി പ്രാർത്ഥിക്കാം, കർത്താവേ അങ്ങയുടെ വിളിക്ക് കാതോർത്തിരുന്ന് ആ വിളിക്ക് വേണ്ടവിധം പ്രത്യുത്തരം നൽകാനും അങ്ങനെ അങ്ങയുടെ കരുണയും സ്നേഹവും അനുഭവിച്ച് സഹോദരന്റെ വളർച്ചയിൽ സന്തോഷിക്കാനും, തകർച്ചയിൽ കൈത്താങ്ങാകുവാനും എന്നെ സഹായിക്കേണമേ. അതിനു വേണ്ട അനുഗ്രഹം കരുണാമയനായ നല്ല തമ്പുരാൻ നമുക്ക് നൽകി അനുഗ്രഹിക്കട്ടെ. ആമ്മേൻ.